LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തിരുവനന്തപുരം ആസ്ഥാനമാക്കി പബ്ലിക്ക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 13-2-2013 തീയതിയിലെ സ.ഉ.(പി)നമ്പർ78/2013/ധന ഉത്തരവ് പ്രകാരം പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിന്റെ മാതൃകയിൽ ആണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ മേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപ്പാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തന മേഖല. 31-3-2015 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 3307/2015/ധന. നമ്പർ ഉത്തരവ് പ്രകാരം പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ക്ഷണിതാവായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായും റിസർവ് ബാങ്ക് മുൻ ഗവർണർ ഡോ. സി. രംഗരാജൻ സഹ അദ്ധ്യക്ഷനായും പ്രൊഫ. എം. എസ്. സ്വാമിനാഥൻ, ഡോ. എം. എസ്. വല്യത്താൻ, ചീഫ് സെക്രട്ടറി, ഡോ. എം. എ. ഉമ്മൻ,ഡോ. ആർ. വി. ജി. മേനോൻ, ശ്രീ പി. സി. സിറിയക്ക്, ശ്രീ. കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി എന്നിവരടങ്ങിയ ഒരു ഭരണ സമിതി പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറായ ഡോ. ജോസ് ജേക്കബിനെ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സ് ഒഫിഷ്യോ സെക്രട്ടറിയായി നിയമിച്ചിട്ടുണ്ട്.

സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഘടന

48 (1416) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ആയത് സംബന്ധിച്ച നിർദ്ദേശം കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ടോ ;

(സി) കേന്ദ്ര ആസൂത്രണബോർഡ് പിരിച്ചുവിട്ട് നീതി ആയോഗ് രൂപീകരിച്ചതുമൂലം സംസ്ഥാനത്ത് പദ്ധതി പ്ലാനിംഗിൽ എന്തെങ്കിലും പ്രയാസം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) പ്ലാനിംഗ് കമ്മീഷൻ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി മുൻവർഷങ്ങളിൽ ചർച്ച ചെയ്തിരുന്നു. നീതി ആയോഗ് ഇതുവരെ ഇത് സംബന്ധമായി ചർച്ച നടത്തിയിട്ടില്ല.

പ്ലാൻ സ്പെയ്സ് സംവിധാനം

49 (1417) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) വികസന പദ്ധതികളുടെ പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രസ്തുത സംവിധാനം ഒരുക്കാനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഇതിനു പുറമേ, വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും അവയുടെ ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ, പദ്ധതികളുടെ സാമ്പത്തിക പുരോഗതി, ഭൗതിക നേട്ടങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനവും പ്ലാൻ സ്പേസിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly